LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ യാത്ര

13 (13) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും എത്ര വീതം വിമാന യാത്ര നടത്തിയിട്ടുണ്ട് ;

(ബി) ഈ വിമാന യാത്രകൾക്കുവേണ്ടി എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരിൽ ഓരോരുത്തരും എത്ര പ്രാവശ്യം വീതം ന്യൂഡൽഹി സന്ദർശിച്ചിട്ടുണ്ട് ;

(ഡി) ഈ കാലഘട്ടത്തിൽ മുഖ്യമന്ത്രിയും മറ്റുള്ള ഓരോ മന്ത്രിമാരും എത്ര ദിവസം വിദേശങ്ങളിലും ന്യൂഡൽഹിയിലുമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും നടത്തിയ വിമാനയാത്രകളുടെ എണ്ണം, അതിനു ചെലവായ തുക, ന്യൂഡൽഹി സന്ദർശിച്ച ദിവസങ്ങളുടെ എണ്ണം, വിദേശങ്ങളിലും ന്യൂഡൽഹിയിലും തങ്ങിയ വിവരം എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഓംബുഡ്സ്മാൻ നിയമനം

14 (14) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓംബുഡ്സ്മാനിൽ നിയമിക്കപ്പെട്ടവർ ആരെല്ലാം ;

(ബി) ഇവരുടെ നിയമന കാലാവധി എത്ര വർഷത്തേക്കാണ് ;

(സി) നിയമിക്കപ്പെടുന്നവർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമാണ് ;

(ഡി) നിയമിക്കപ്പെട്ടവരിൽ സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നവർ ആരെല്ലാമാണ് ;

(ഇ) അവരുടെ റിട്ടയർമെന്റ് തീയതി എന്നാണ് ;

(എഫ്) നിയമിക്കപ്പെട്ടവരിൽ ആരെങ്കിലും ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ കമ്മിറ്റികളിൽ അംഗമായിരിക്കുകയോ, അധ്യാപക സംഘടനകളുടെ

† അനുബന്ധം VIII

ഭാരവാഹിയായിരിക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ്; ഏത് രാഷ്ട്രീയ പാർട്ടിയിലും ഏത് സംഘടനകളിലുമാണ് അവർ അംഗങ്ങളായിരുന്നത്;

(ജി) വ്യക്തമായ രാഷ്ട്രീയമുള്ളവരെ ഇത്തരത്തിലുള്ള കമ്മിറ്റികളിൽ നിയമിക്കുന്നത് ശരിയാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജസ്റ്റീസ് പി.എ. മുഹമ്മദ്, ശ്രീ. മൊയ്തു അഹമ്മദ് നിസ്സാർ, ശ്രീ. പി. എസ്. ദിവാകരൻ, ഡോ. ഡി. ബാബുപോൾ ഐ. എ. എസ്, ശ്രീ. കെ. മോഹനചന്ദ്രൻ ഐ. എ. എസ്, പ്രൊഫ. വി. ബാലൻ, പ്രൊഫ. ബാലകൃഷ്ണൻ നായർ എന്നിവരാണ് നിയമിക്കപ്പെട്ടവർ. ഇതിൽ ജസ്റ്റീസ് പി.എ. മുഹമ്മദ് ഒഴികെയുള്ളവർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റിട്ടുണ്ട്.

(ബി) ഓംബുഡ്സ്മാനിൽ അംഗമായി നിയമിക്കപ്പെടുന്ന ഒരു ആൾ അദ്ദേഹം ടി ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലത്തേക്കോ അല്ലെങ്കിൽ 65 വയസ്സ് പ്രായം ആകുന്നതുവരേയോ ഏതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ സ്ഥാനം വഹിക്കാവുന്നതാണ്.

(സി) ഓംബുഡ്സ്മാനിൽ അംഗമായി നിയമിക്കപ്പെടുന്നവർക്ക് 1999 -ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിന്റെ 271 (ജി) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) ഡോ. ബാബുപോൾ, ശ്രീ.കെ.മോഹനചന്ദ്രൻ എന്നിവർ അഖിലേന്ത്യാ സർവ്വീസിലും, ശ്രീ. പി. എ. മുഹമ്മദ്, ശ്രീ. എം. എ. നിസാർ, ശ്രീ. പി. എസ്. ദിവാകരൻ എന്നിവർ ജുഡീഷ്യൽ സർവ്വീസിലും ഉണ്ടായിരുന്നവരാണ്. ശ്രീ. ആർ. ബാലകൃഷ്ണൻ നായർ, പ്രൊഫ.ടി.വി.ബാലൻ എന്നിവർ നേരത്തെ സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നവരാണ്.

(ഇ) ശ്രീ.ബാബുപോൾ 30-4-2001 ലും ശ്രീ.കെ.മോഹനചന്ദ്രൻ 31-1-2001 -ലും ആണ് 60 വയസ്സ് തികഞ്ഞ് സർവ്വീസിൽ നിന്നും പിരിയേണ്ടിയിരുന്നത്. ശ്രീ. ആർ. ബാലകൃഷ്ണൻ നായർ 31-10-1996 - ലും പ്രൊഫ. ടി. വി. ബാലൻ 30-6-1999-ലും സർവ്വീസിൽ നിന്ന് പിരിഞ്ഞിരുന്നു. മറ്റുള്ളവരുടെ റിട്ടയർമെന്റ് തീയതികൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ഇവരാരും ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടേയോ അതിന്റെ പോഷക സംഘടനകളുടെയോ ഭാരവാഹികളായിരുന്നതായി അറിവില്ല. എന്നാൽ ശ്രീ. ടി. വി. ബാലൻ ആൾ കേരള ഗവൺമെന്റ് കോളേജ് അദ്ധ്യാപക സംഘടനയുടെ ഭാരവാഹിയായി പ്രവർത്തിച്ചതായി അറിയാം.

(ജി) 1999-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് 271 (ജി) വകുപ്പു പ്രകാരം ഓംബുഡ്സ്മാനിൽ അംഗമായി നിയമിക്കപ്പെടുന്ന ഒരാൾ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള ആദ്യത്തെ നിയമനമാണെങ്കിൽ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു തൊട്ടുമുമ്പും, പിന്നീടുണ്ടാകുന്ന ഏതെങ്കിലും നിയമനങ്ങളിൽ ഒഴിവ് ഉണ്ടായ തീയതിക്ക് തൊട്ടുമുമ്പുള്ള അഞ്ചുവർഷക്കാലവും ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമാകാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly